**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4396** **06-03-2023 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ വഞ്ചി ക്ലേ മൈൻസ് ഭൂമിയിൽ വ്യവസായ സമുച്ചയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂരിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള വഞ്ചി ക്ലേ മൈൻസ് ഭൂമിയിൽ വ്യവസായ സമുച്ചയം നിർമ്മിക്കുന്നതിനായുള്ള നടപടികൾ വ്യക്തമാക്കാമോ; | (എ) | വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ കീഴിൽ ചാത്തന്നൂരിൽ വഞ്ചി ക്ലേ മൈൻസ് ഭൂമിയിൽ ബഹുനില വ്യവസായ സമുച്ചയം നിർമ്മിക്കുന്നതിനായി പ്രാഥമിക വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള 23,40,00,000/- രൂപയുടെ പ്രൊപ്പോസൽ കൊല്ലം ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്നും വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ ലഭ്യമായിട്ടുണ്ട്. DPR തയ്യാറാക്കുന്നതിനായി Accredited Government Agency/Non – Government Agency – കളിൽ നിന്നും expression of interest 23.02.2023 ന് ക്ഷണിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് റീ-ബിൽഡ് കേരള എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ചാത്തന്നൂർ ഉൾപ്പെടെ 11 വ്യവസായ ശാലകളുടെ നിർമാണവുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ റീ-ബിൽഡ് കേരളയുടെ പരിശോധനയിലാണ്. തീരുമാനമായിട്ടില്ല. |
| (സി) | പ്രസ്തുത ഭൂമി വ്യവസായ ആവശ്യങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച് വ്യവസായ വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (സി) | വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ കീഴിൽ ചാത്തന്നൂർ വ്യവസായ എസ്റ്റേറ്റിൽ നിലവിൽ ലഭ്യമായ 2.3512 ഹെക്ടർ (5.81 ഏക്കർ) വ്യവസായ ഭൂമിയിൽ 1.5 ഏക്കർ ഭൂമി ഒരു വ്യവസായ യൂണിറ്റിന് അനുവദിച്ചിട്ടുള്ളതാണ്. കൂടാതെ നിലവിൽ പ്രസ്തുത വ്യവസായ ഭൂമിയിൽ സംരംഭം ആരംഭിക്കുന്നതിനായി 7 സംരംഭകർ അപേക്ഷ സമർപ്പിച്ചിട്ടുള്ളതും, മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതുമാണ്. പ്രസ്തുത എസ്റ്റേറ്റിന്റെ ഭൂമി സംരക്ഷിക്കുന്നതിനായി ചുറ്റുമതിൽ നിർമ്മാണ പ്രവർത്തിക്കായി PWD യ്ക്ക് 68,50,000/- രൂപ അനുവദിച്ചിട്ടുള്ളതും നിർമ്മാണ പ്രവർത്തികൾ നടന്നു വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ